# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:14.09.2025**

### പ്രധാനവാർത്തകൾ

1. ഊർജ്ജ മേഖലയിൽ സ്വയംപര്യാപ്തതയെന്ന ലക്ഷ്യം കൈവരിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. പതിനഞ്ചാം കേരള നിയമ സഭയുടെ പതിനാലാം സമ്മേളനത്തിന് നാളെ തുടക്കമാകും.

3. സംസ്ഥാനത്ത് വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്.

4. 2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

5. വർണശബളമായ ശോഭായാത്രയോടെ സംസ്ഥാനത്തെങ്ങും ശ്രീകൃഷ്ണ ജയന്തി ആഘോഷിച്ചു.

6. ഏഷ്യ കപ്പ് പുരുഷ ക്രിക്കറ്റിൽ ഇന്ത്യ -പാകിസ്ഥാൻ മത്സരം രാത്രി എട്ടിന്. ഇന്ത്യക്കെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഓസ്ട്രേലിയക്ക് 282 റൺസ് വിജയലക്ഷ്യം.

RJU TVPM

&&&&&&&&&&&&&&&&

## പി എം - ആസം

ഊർജ്ജ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ദൗത്യത്തിലാണ് രാജ്യമെന്നും വിദേശ ഇന്ധനങ്ങളെ ആശ്രയിക്കുന്നത് കുറച്ചുകൊണ്ടുവരികയാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. അസ്സമിലെ ഗോലാഘട്ട് ജില്ലയിൽ രാജ്യത്തെ പ്രഥമ, മുള അധിഷ്ഠിത ബയോ എത്തനോൾ പ്ലാന്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആഴക്കടൽ ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുകയും ഊർജ്ജ സ്വാശ്രയത്വം ശക്തിപ്പെടുത്തുകയും ചെയ്യുമെന്നും, ബയോ എത്തനോൾ പ്ലാന്റ് ആ ലക്ഷ്യത്തിലേക്കുള്ള ഒരു ചുവടുവയ്പ്പാണെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. സൗരോർജ്ജ മേഖലയിൽ മികച്ച അഞ്ച് രാജ്യങ്ങളിൽ ഒന്നാണെന്ന് ഇന്ത്യ എന്നും ശ്രീ മോദി വ്യക്തമാക്കി.

അസമിൽ 18,530 കോടി രൂപയുടെ അടിസ്ഥാന സൗകര്യ, വ്യാവസായിക വികസന പദ്ധതികൾക്കാണ് പ്രധാനമന്ത്രി തുടക്കമിട്ടത്. അസമിലെ പരിപാടികൾ പൂർത്തിയാക്കിയ ശേഷം പ്രധാനമന്ത്രി ജോർഹട്ട് വിമാനത്താവളത്തിൽ നിന്ന് കൊൽക്കത്തയിലേക്ക് തിരിക്കും.

&&&&&&&&&&&&&&&&

## ഹിന്ദി ദിവസ്

ഇന്ന് ഹിന്ദി ദിവസ്. 1949 ൽ ഈ ദിവസമാണ് ഭരണഘടനാ അസംബ്ലി ദേവനാഗരി ലിപിയിലെ ഹിന്ദി ഭാഷ രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചത്. രാജ്യത്തിന്റെ സ്വത്വത്തിന്റെയും മൂല്യങ്ങളുടെയും ഊർജ്ജസ്വലമായ പൈതൃകമാണ് ഹിന്ദി ഭാഷയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസ സന്ദേശത്തിൽ പറഞ്ഞു. ദിനാചരണത്തോട് അനുബന്ധിച്ച് ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ അഞ്ചാമത്

RNUTVPM

അഖില ഭാരതീയ രാജ്ഭാഷാ സമ്മേളനം കേന്ദ്ര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യു.

&&&&&&&&&&&&&&&&

## നിയമ സഭ (ഇൻട്രോ)

പതിനഞ്ചാം കേരള നിയമ സഭയുടെ പതിനാലാമതു സമ്മേളനത്തിനു നാള തുടക്കമാകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയിസ്)

&&&&&&&&&&&&&&&&

## അമീബിക് മസ്തിഷ്കജ്വരം

സംസ്ഥാനത്ത് വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. രോഗം ബാധിച്ച പതിനേഴുകാരൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. കുട്ടി കുളിക്കാനിറങ്ങിയ, ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ നീന്തൽക്കുളം പൂട്ടി വെള്ളത്തിന്റെ സാമ്പിൾ പരിശോധനക്ക് അയച്ചു. അതേസമയം, അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന 10 പേരുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&

## എ കെ ശശീന്ദ്രൻ

വന്യജീവി ആക്രമണത്തിൽ പൊറുതി മുട്ടുന്ന ജനങ്ങൾക്ക് ആശ്വാസം പകരുന്ന തീരുമാനമാണ് സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ടതെന്ന് വനംമന്ത്രി എകെ ശശീന്ദ്രൻ. അക്രമകാരികളായ വന്യജീവികളെ വെടിവച്ചു കൊല്ലുന്ന

PIIUTVPM

തീരുമാനം എടുക്കാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിലാണ് നിബന്ധനകളിൽ ഇളവ് വരുത്തിയതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്ര നിയമത്തിന്റെ അന്തസത്ത ഉൾക്കൊണ്ടാണ് സംസ്ഥാനം നിയമ നിർമ്മാണം നടത്തിയതെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## ജി എസ് ടി

രാജ്യത്ത് പരിഷ്കരിച്ച ചരക്ക് സേവന നികുതി നിരക്കുകൾ ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വരും. ആരോഗ്യ സംരക്ഷണ മേഖലയിൽ വലിയ നികുതി ഇളവുകൾ പ്രഖ്യാപിച്ചുകൊണ്ടാണ് കേന്ദ്രനടപടി. പുതുക്കിയ നിരക്ക് പ്രകാരം, കണ്ണടകളുടെയും ലെൻസുകളുടെയും നികുതി 12 ൽ നിന്ന് 5 ശതമാനമായി കുറഞ്ഞു. കാഴ്ച പരിമിതി നേരിടുന്ന വിദ്യാർത്ഥികൾ, പ്രായമായവർ, താഴ്ന്ന വരുമാനമുള്ളവർ എന്നിവർക്ക് ഇത് ആശ്വാസകരമാണ്.

RNU TVPM

&&&&&&&&&&&&&&&&&

## ആദായനികുതി റിട്ടേൺ

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

&&&&&&&&&&&&&&&&&

## പച്ചത്തുരുത്തുകൾ

സംസ്ഥാനത്തെ മികച്ച പച്ചത്തുരുത്തുകൾക്കുള്ള പുരസ്കാരങ്ങൾ നാളെ പ്രഖ്യാപിക്കും. ഹരിതകേരളം മിഷൻറെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തു സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ മികച്ചവയെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പൂർത്തിയായതായി

ഹരിതകേരള മിഷൻ ഉപാധ്യക്ഷ ടി.എൻ.സീമ അറിയിച്ചു. ചൊവ്വാഴ്ച തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിൽ നടക്കുന്ന പുരസ്കാര വിതരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&

ഗുരുവായൂർ (ഇൻട്രോ)

അഷ്ടമി രോഹിണി മഹോത്സവത്തോടനുബന്ധിച്ച് ഗുരുവായൂരിൽ നടന്ന ആഘോഷപരിപാടികൾ ഗുരുപവനപുരി അക്ഷരാർത്ഥത്തിൽ അമ്പാടിയാക്കി മാറ്റി. ഗുരുവായൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വൻ ഭക്തജന തിരക്കാണ് ഇന്ന് അനുഭവപ്പെട്ടത്.

വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാപ്രതിനിധി ഭരിതാ പ്രതാപ്......

(വോയിസ്)

&&&&&&&&&&&&&&&&

ശ്രീകൃഷ്ണ ജയന്തി

ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങളുടെ ഭാഗമായുള്ള ശോഭാ യാത്ര തിരുവനന്തപുരം നഗരത്തിൽ പുരോഗമിക്കുന്നു. പാളയം ഗണപതി ക്ഷേത്രത്തിന് മുന്നിൽ നിന്ന് ആരംഭിച്ച മഹാ ശോഭാ യാത്ര അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായി ഉദ്ഘാടനം

RNU TVPM

ചെയ്യു. നഗരത്തിലെ 8 കേന്ദ്രങ്ങളിൽ നിന്ന് ചെറു സംഘങ്ങൾ പാളയം ഗണപതി ക്ഷേത്രത്തിൽ സംഗമിച്ച ശേഷം മഹാ ശോഭ യാത്രയായി പുത്തരിക്കണ്ടം മൈതാനത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ശ്രീകൃഷ്ണ വേഷം കെട്ടിയ നൂറുകണക്കിന് കുട്ടികളും നിശ്ചല ദൃശ്യങ്ങളും ഭജന സംഘങ്ങളും ശോഭാ യാത്രയിൽ അണിനിരക്കുന്നുണ്ട്. പുത്തരിക്കണ്ടം മൈതാനത്ത് മഹാ ആരതി സമ്മേളനത്തോടെ ശോഭാ യാത്ര സമാപിക്കും.

&&&&&&&&&&&&&&&&

## ബാലഗോകുലം -കോഴിക്കോട്

ശ്രീകൃഷ്ണജയന്തി ആഘോഷത്തിന്റെ ഭാഗമായി ബാലഗോകുലത്തിൻറെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ ശോഭായാത്ര നടന്നു. നഗരത്തിൽ വിവിധ ഇടങ്ങളിൽ നിന്നും പുറപ്പെട്ട ശോഭായാത്രകൾ മഹാ ശോഭയാത്രയുടെ ഭാഗമായി മുതലക്കുളത്ത് സമാപിക്കും.

RNUTVPM

&&&&&&&&&&&&&&&&

## വള്ളസദ്യ

ആറന്മുള ക്ഷേത്രത്തിലെ പ്രശസ്തമായ അഷ്ടമിരോഹിണി വള്ളസദ്യ ഇന്ന് നടന്നു. രാവിലെ അഞ്ച് മണി മുതൽ ആയിരക്കണക്കിന് ഭക്തജനങ്ങളാണ് ക്ഷേത്രത്തിൽ എത്തിയത്. ദേവസ്വം മന്ത്രി വി എൻ വാസവൻ

ഭദ്രദീപം തെളിയിച്ചു. കൃഷിമന്ത്രി പി പ്രസാദ് വിശിഷ്ടാതിഥിയായിരുന്നു. രാവിലെ പതിനൊന്നരയ്ക്ക് തുടങ്ങിയ സദ്യ വൈകുന്നേരം മൂന്നര വരെ നീണ്ടു. ക്ഷേത്രത്തിൽ എത്തിയ 52 പള്ളിയോട കരക്കാർ വള്ളസദ്യയും ഭക്തർ സമൂഹസദ്യയും

കഴിച്ച് മടങ്ങി. ഒക്ടോബർ രണ്ടോടെ ഇക്കൊല്ലത്തെ വള്ള സദ്യകൾക്ക് സമാപനമാകും.

&&&&&&&&&&&&&&&&

## വനിതാ ഏകദിന ക്രിക്കറ്റ്

ഇന്ത്യക്കെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഓസ്ട്രേലിയക്ക് 282 റൺസ് വിജയലക്ഷ്യം. ന്യൂ ചണ്ഡീഗഡിൽ നടക്കുന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 7 വിക്കറ്റിന് 281 റൺസ് എടുത്തു. മറുപടി ബാറ്റിംഗിൽ ഓസ്ട്രേലിയ 14 ഓവറിൽ 1 വിക്കറ്റിന് 88 റൺസ് എടുത്തിട്ടുണ്ട്. പരമ്പരയിൽ ആകെ 3 മത്സരങ്ങളാണുള്ളത്.

&&&&&&&&&&&&&&&&

## ഏഷ്യ കപ്പ്

ഏഷ്യ കപ്പ് പുരുഷ ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായ് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം.

RNUTVPM

&&&&&&&&&&&&&&&&

## ലോക ബോക്സിംഗ്

ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിലെ, 48 കിലോഗ്രാം വനിതാ വിഭാഗത്തിൽ ഇന്ത്യയുടെ മീനാക്ഷി ഹൂഡയ്ക്ക് സ്വർണം. ഇംഗ്ലണ്ടിലെ ലിവർപൂളിൽ, നടന്ന മത്സരത്തിൽ കസാഖ് താരത്തെ പരാജയപ്പെടുത്തിയാണ് മീനാക്ഷി സ്വർണ്ണ മെഡൽ നേടിയത്.

&&&&&&&&&&&&&&&&

## ഇടുക്കി (ഇൻട്രോ)

രണ്ടാം ലോക മഹായുദ്ധാനന്തരം നാട്ടിലുണ്ടായ പട്ടിണി മാറ്റാൻ ഇടുക്കിയുടെ ഉൾക്കാടിന് നടുവിൽ ഉദയം ചെയ്ത നെൽ കർഷക ഗ്രാമമാണ് മക്കുവള്ളി. സർ സി.പിയുടെ ഭരണകാലത്ത് നെൽകൃഷി തുടങ്ങിയ മക്കുവള്ളിയിലെ വയലുകളിൽ ഇന്നും നെല്ലുൽപ്പാദനമുണ്ട്.

ആകാശവാണി ഇടുക്കി ജില്ലാപ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്..

(വോയ്സ്)

&&&&&&&&&&&&&&&&

## ശബരിമല

കന്നിമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട മറ്റന്നാൾ വൈകിട്ട് അഞ്ചിന് തുറക്കും. പൂജകൾ പൂർത്തിയാക്കി ഈമാസം 21 ന് രാത്രി 10 ന് നടയടയ്ക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

RNU TVPM